Janayugom 09-09-18, P-3

# പ്രളയക്കെടുതിയിൽ 5,619 കോടിയുടെ കൃഷിനാശമെന്ന് പ്രാഥമിക കണക്ക്: മന്ത്രി വി എസ് സുനിൽകുമാർ

തിരുവനന്തപുരം: സംസ്ഥാനത്ത് തെക്ക് പടിഞ്ഞാറൻ മൺസൂണിനെ തുടർന്ന് 1,46,668.09 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചു. 5,619 കോടി രൂപയുടെ നഷ്ടമാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. വെള്ളം കെട്ടിനിന്നതിനെ തുടർന്ന് തോട്ടവിളകൾ ഇപ്പോഴും നശിക്കുന്നതിനാൽ നാശനഷ്ടത്തിന്റെ തോത് ഇനിയും ഉയരും. ഇടുക്കി ജില്ലയിൽ 73,726.43 ഹെക്ടർ കൃഷിയും വയനാട്ടിൽ 19,528.20 ഹെക്ടർ കൃഷിയും നശിച്ചു എന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച ആലപ്പുഴയിൽ 12,095.55 ഹെക്ടറും പത്തനംതിട്ടയിൽ 12,085.05 ഹെക്ടറും കൃഷിനാശമുണ്ടായി. തോട്ടവിളകളുടെ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിന് കുറച്ച് കാലതാമസം ഉണ്ടാകും. വെള്ളം കെട്ടി നിന്ന് മരങ്ങൾ ഉണങ്ങിപോകാൻ ഇനിയും സാധ്യത ഉള്ളതിനാൽ പ്രളയത്തെ തുടർന്നുള്ള കൃഷിനാശം ഇനിയും ഉയരും.

കർഷകരുടെ നഷ്ടങ്ങൾ വിലയിരുത്തി നഷ്ടപരിഹാര തുക നൽകുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് കൃഷിവകുപ്പ് നടത്തുന്നതെന്ന് കൃഷി മന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു. കേന്ദ്ര നയങ്ങൾ അനുസരിച്ചുള്ള നഷ്ടപരിഹാര തുക കർഷകർക്ക് പര്യാപ്തമല്ലാത്തതിനാൽ സംസ്ഥാന സർക്കാർ നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നയമനുസരിച്ച് ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ഒരു വാഴ നശിച്ചാൽ നൽകാനാകുക 5.4 രൂപ മാത്രമാണ്. എന്നാൽ സംസ്ഥാന സർക്കാർ ഒരു വാഴക്ക് നൽകുന്നത് 100 രൂപയാണ്. ഇത്തരത്തിൽ എല്ലാ വിളകൾക്കും കർഷകർക്ക് ആശ്വാസകരമാകുന്ന നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് ഊർജ്ജിതമായി നടത്തുന്നുണ്ട്.

പുനരാവിഷ്കൃത വിള ഇൻഷ്വറൻസ് എടുത്ത കർഷകർക്ക് ലഭിക്കേണ്ട ധനസഹായത്തിനുള്ള അപേക്ഷകളും കൃഷിഭവനുകളിൽ നൽകണം. വിള നശിച്ചവർ 15 ദിവസത്തിനുള്ളിലാണ് നിർദ്ദിഷ്ട ഫോമിൽ അപേക്ഷകൾ കൃഷിഭവനുകളിൽ നൽകേണ്ടത്.